COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION, 1121

Wednesday, *the* 6th February 1946.
24th Makaram 1121.

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir George Boag, K.C.I.E., C.S.I.) in the Chair.

All the numbers, excepting Messrs. P. Sankara Menon, M. K. Raja, K. A. Raghavan and the Chief Engineer, were present.

QUESTIONS AND ANSWERS

NELLIAMPATHIES—POTATO CULTIVATION

253. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) നെല്ലിയാംപതിയിൽ ഉരുളക്കിഴങ്ങു കൃഷിക്കു മാത്രം ആകെ എത്ര ഉറപ്പിക ചിലവായിട്ടുണ്ടു്;

(ബി) എത്ര ടൺ കിഴങ്ങു് കൃഷി ചെയ്തു;

(സി) കിഴങ്ങു് പറിച്ചു വില്പന കഴിഞ്ഞോ;

(ഡി) ഏതേതു തരത്തിലാണു് കിഴങ്ങു വില്പന നടത്തിയതു;

(ഇ) ഉരുളക്കിഴങ്ങു് ഇനി പരിക്കാനുണ്ടോ, ഉണ്ടെങ്കിൽ എത്ര;

(എഫ്") കിഴങ്ങു വിറ്റ വകയിൽ ഇതുവരെ ആകെ എത്ര ഉറപ്പിക കിട്ടിയിട്ടുണ്ടു്;

(ജി) എത്ര കിഴങ്ങു് ഡയറക്ടർ അവർകളുടെ ആപ്പീസ്സിനോടു തൊട്ടുള്ള ഷെഡ്ഡിൽ കിടന്നു് ചീഞ്ഞുനാശമായിപ്പോയിട്ടുണ്ടു്;

(എച്ച്") ഉദ്ദേശം എത്ര ഉറപ്പികയോളം ആ ഇനത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ക. ര൯,വ ൪ ൫.

(ബി) വ൫ ടൺ.

(സി) കഴിഞ്ഞിട്ടില്ല.

(ഡി) കച്ചവടക്കാക്കു മൊത്തപ്പടിക്കു വിറ്റിട്ടുണ്ടു്.

(ഇ) ഇനി പറിക്കുവാനില്ല.

(എഫ്") ക. ഛ൪,വ ര ൫.

(ജി) ഉരുളക്കിഴങ്ങു് ഷെഡ്ഡിൽ കിടന്നു ചീഞ്ഞുനാശമായി പോയിട്ടില്ല.

(എച്ച്") (ജി) ചോദ്യത്തിനുള്ള ഉത്തരം അനുസരിച്ചു ഈ ചോദ്യത്തിനും ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഇനി എത്ര കിഴങ്ങു് വില്പാനുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മുഴുവൻ വിറ്റിട്ടില്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഇരുപത്തി ആറായിരം ഉറപ്പികക്കുള്ള കിഴങ്ങു് വില്പാനുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടാകും.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഈ കിഴങ്ങു് എവിടെയാണു് സൂക്ഷിച്ചിരിക്കുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: നെല്ലിയാംപതിയിലാണു്.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അതു് തൃശ്ശിവപേരൂരിലൊ മറ്റൊ വില്പാൻ ടെണ്ടർ വിളിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതു് സ്റ്റേയിറ്റ്വിട്ട പുറത്തേക്കു് കൊണ്ടുപോയി വില്ക്കുവാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വില്ക്കാൻ പാടില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നമ്മുടെ ആവശ്യത്തിനുള്ളതു് ഡിപ്പാർട്ടുമെണ്ടിൽനിന്നു് നേരിട്ടാണോ വില്ക്കുന്നതു്, അതോ കച്ചവടക്കാരെ ഏല്പിക്കുകയാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കച്ചവടക്കാരെ ഏല്പിക്കുകയാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അതു എന്താണു് ഇതുവരെ കൊണ്ടുവരാത്തതു?

മിസ്റ്റർ പറമ്പിലോനപ്പൻ: അതു് കുറച്ചു് ഉണങ്ങിയിട്ടാവാമെന്നു് വിചാരിച്ചിട്ടാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ കിഴങ്ങു് നെല്ലിയാംപതിയിൽ കിടന്നു് ചീഞ്ഞു പോയിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എവിടെയെങ്കിലും ചീഞ്ഞു നഷ്ടം വന്നുപോയിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചീഞ്ഞു നഷ്ടം വന്നു പോയിട്ടില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, whether there is no more potatoes to be lifted?

Mr. Parambi Lonappen *(Minister for Rural Development)*: There is to be harvested.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: No, no. How it is said, Sir, that there is no more to be lifted? Is there any potatoes to be sold?

Mr. Parambi Lonappen *(Minister for Rural Development)*: Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: How much?

Mr. Parambi Lonappen *(Minister for Rural Development)*: I want notice.

മിസ്റ്റർ പി. നാരായണമേനോൻ: സാധാരണയായിട്ടു് ഇതു് എത്ര ദിവസം ഉണങ്ങണം?

മിസ്റ്റർ പറമ്പി ലോനപ്പൻ: എനിക്കു നല്ല വിവരമില്ല. അതു് അഗ്രിക്കൾച്ചറൽ ഡയറക്ടർക്കു് അറിയാം.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, at what rate this was sold?

Mr. Parambi Lonappan *(Minister for Rural Development)*: It was sold at a cost of 3 annas 4 pies per lb.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, whether the remaining quantity will be sufficient to fetch the difference between Rs. 49,875 spent and Rs. 24,841 that has been realised? The balance comes to Rs. 25,034. That has to be realised.

Mr. Parambi Lonappen *(Minister for Rural Development)*: I do not think so.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, therefore that in this matter the Government is working at a loss?

Mr. Parambi Lonappen *(Minister for Rural Development)*: Yes, it is a loss.

മിസ്റ്റർ പി. മാണി: എത്രകാലമായി ഈ കിഴങ്ങു് പറിച്ചു ഉണങ്ങാനിട്ടിട്ടു്?

Mr. Parambi Lonappen *(Minister for Rural Development)*: I recently visited Nelliampathies and they were harvesting at that time. അധികം നാളായെന്നു് എനിക്കു തോന്നുന്നില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, how many crops have been raised per year?

Mr. Parambi Lonappen *(Minister for Rural Development)*: Two per year.

Mr. M. O. Thomakutti *(Commerce & Industries)*: Why it is stored at Nelliampathies and not taken to Trichur?

മിസ്റ്റർ പി. മാണി: ഈ ഉരുളക്കിഴങ്ങു് പറിച്ചിട്ടിരുന്നാൽ ചീഞ്ഞുപോകുമെന്നറിഞ്ഞുകൂടെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: വെറുതെയിട്ടിരിക്കുകയല്ല. ഉണങ്ങാൻ ഇട്ടിരിക്കുകയാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ. ഡയറക്ടരുടെ റിപ്പോർട്ടിലും, വേറെ എവിടെയെങ്കിലുമൊ ഇങ്ങിനെ കിഴങ്ങ് ചീഞ്ഞുപോയിട്ടില്ല എന്നു് പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചീഞ്ഞു പോയതായി റിപ്പോർട്ടില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether the area planted with potatoes has been replanted?

Mr. Parambi Lonappen *(Minister for Rural Development):* No.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is it left vacant?

Mr. Parambi Lonappen *(Minister for Rural Development):* Yes.

Mr. K. Balakrishna Menon *(Cheruthuruthi):* You say it is a loss. Then why not give it to some private agencies?

Mr. Parambi Lonappen *(Minister for Rural Development):* Yes. We shall look into the matter.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: അതിൽനിന്നു് കളവു് പോയിട്ടുണ്ടോ ഇല്ലയൊ എന്നറിയാൻ ഗവമ്മെണ്ടിന്നു് വല്ല മാർഗ്ഗവും ഉണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ വാച്ചുമാൻ ഉണ്ടു്. കളവു് പോകാതെ നോക്കുവാൻ പല ഏർപ്പാടുകളുമുണ്ടു്. കളവു് പോയതായി ഇതുവരെ അറിവില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കിഴങ്ങു പറിച്ചുകഴിഞ്ഞിട്ടു് എത്ര നാളായി?

മിസ്റ്റർ പറമ്പി ലോനപ്പൻ: കുറച്ചുനാളായി. എത്ര ദിവസമായെന്നു് പറയാൻ പ്രയാസം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: പുറമെനിന്നു് വാങ്ങിക്കൊണ്ടുവന്ന വല്ല വിത്തും കേടുവന്നുപോയിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: മടവിലത്തെ ക്രോപ്പു് മഴവൻ എടുത്തുകഴിഞ്ഞിട്ടില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വു്, എടുത്തുകഴിഞ്ഞു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിനു മുമ്പിലത്തെ അനുഭവവും ഇപ്പോഴത്തേതുമായിട്ടു് വല്ല താരതമ്യവും പറയാൻ സാധിക്കുമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വലിയ വ്യത്യാസമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: "ഉരുക്കിഴങ്ങു് ഷെഡ്ഡിൽ കിടന്നു ചീഞ്ഞു് നാശമായിപോയിട്ടില്ല" എന്നു പറഞ്ഞിട്ടുണ്ടല്ലൊ.

മിസ്റ്റർ പറമ്പി ലോനപ്പൻ: എല്ലാ അനുഭവങ്ങളും, കായ്ഫലകം മുതലായവ കുറെയൊക്കെ കേടുവന്നു് പോകാറുണ്ടു്. മറ്റുള്ള സാധനങ്ങൾ കേടുവരുന്നപോലെ കുറെയൊക്കെ ഇതിലും കേടുവന്നിട്ടുണ്ടു്.

VEGETABLE FARM—NELLIAMPATHIES

254. Mr. A. Eachara Menon *(Chittur-Tattamangalam):* Will Government be pleased to state.—

(*a*) what crops are raised in the Vegetable Farm in the Nelliampathies;

(*b*) what crops have been harvested; how much of each was produced;

(*c*) how does it compare with the amount expended in each?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) Fruits (150 acres), English Vegetables (15 acres). The fruits cultivated are oranges (100 acres) and miscellaneous fruits like limes and other Citrus fruits, mangoes, Pine-apples Country Pears, Guavas, Grapes, Pomegranates, Figs, Plums, Peaches, etc. Potatoes are also cultivated as a catch crop in the planted area.

(*b*) 58 tons of Potatoes and a small portion of the Vegetables (2,543 lbs.) have been harvested so far.

LIBRARY ARCHIVES Kerala Legislative Assembly